# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 161 — 09.03.2015-ൽ മറുപടിയ്ക്ക്

### റോഡ് സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷയുടെ ഭാഗമായി മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) റോഡ് സുരക്ഷയുടെ ഭാഗമായി രൂപവത്കരിച്ചിട്ടുള്ള ഗതാഗത നിയമം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട ആൾക്കാർക്കും, മന്ത്രിമാർക്കും, ഉദ്യോഗസ്ഥർക്കും ഒരുപോലെ ബാധകമാണ് ആയതിനാൽ എല്ലാ വാഹനങ്ങളുടെയും വേഗത നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഗതാഗത നിയമം ലംഘിക്കുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (ബി) കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) മദ്യപിച്ചു വാഹനമോടിച്ചതിന്റെ പേരിൽ എത്ര ആളുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മദ്യപിച്ച് വാഹനമോടിച്ചതിന്റെ പേരിൽ ഇതുവരെ 24,152 പേരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ഡി) നിരീക്ഷണ ക്യാമറകളിൽ ശേഖരിക്കപ്പെട്ട നിയമലംഘനങ്ങളിൽ, നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്ത കേസ്സുകൾ എത്ര ; | (ഡി) നിരീക്ഷണ ക്യാമറകൾ വഴി ശേഖരിച്ചതു പ്രകാരം, 2,19,240 ചാർജ്ജ് ഷീറ്റ് മെമ്മോകൾ അയയ്ക്കുകയുണ്ടായി. ഇവയിൽ 1,06,982 പേർ പിഴ ഒടുക്കുകയുണ്ടായി. മറ്റുള്ളവരിൽ നിന്നും പിഴ ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അതാത് ആർ.ടി.ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഇ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഓരോ വർഷവും ഉണ്ടായ ഗതാഗത നിയമ ലംഘന കേസ്സുകൾ എത്ര; വിശദമാക്കാമോ ?

(ഇ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ പോലീസ് വകുപ്പിന്റെ കീഴിൽ 7,62,491 ഗതാഗത നിയമലംഘന കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 1,46,11,183 പെറ്റി കേസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ 5,69,366 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. പോലീസ് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും കീഴിൽ വരുന്ന വർഷം തിരിച്ചുള്ള ഗതാഗത നിയമ ലംഘന കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പോലീസ് വകുപ്പ് | | |
|---|---|---|
| വർഷം | ഗതാഗത നിയമ ലംഘന കേസ്സുകളുടെ എണ്ണം | |
| | രജിസ്റ്റർ ചെയ്ത കേസ്സുകൾ | പെറ്റി കേസ്സുകൾ |
| 2011 (18.05.2011 - 31.12.2011) | 91,432 | 15,09,704 |
| 2012 | 1,84.578 | 36,11,502 |
| 2013 | 2,20,650 | 46,07,716 |
| 2014 | 2,25,841 | 42,38,165 |
| 2015 (01.01.2015 - 28.02.2015) | 39,990 | 6,44,096 |

| മോട്ടോർ വാഹന വകുപ്പ് | |
|---|---|
| 2011 | 66,770 |
| 2012 | 1,14,188 |
| 2013 | 1,60,108 |
| 2014 | 1,97,299 |
| 2015 | 31,001 |

സെക്ഷൻ ഓഫീസർ